(Pages : 4) **N – 3762**

**Reg. No. : .............................**

**Name : .................................**

**First Semester B.A./B.Sc. Degree Examination, June 2022**

**First Degree Programme under CBCSS**

**Language Course II – Additional Language I – Malayalam**

**ML 1111.1 : മലയാളകവിത**

**(2021 Admission)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. കോമ എന്ന കഥാകാവ്യം രചിച്ചതാര്?

2. വീണപൂവ് ആദ്യം പ്രസിദ്ധീകൃതമായതെവിടെയാണ്?

3. സന്താനഗോപാലം എന്ന കാവ്യം ആരുടേതാണ്?

4. പെരുന്തച്ചൻ എന്ന കവിതയിലേക്ക് ജി. കൊണ്ടുവരുന്ന കല്പിതകഥാപാത്രം ആര്?

5. നരകം ഒരു പ്രേമകവിതയെഴുതുന്നു എന്ന കവിത എഴുതിയതാരാണ്?

6. നൈഷധം ചമ്പുവിന്റെ കർത്താവ് ?

7. മലയാളത്തിൽ ആധുനികതക്കു തുടക്കം കുറിച്ച കവിതയേത് ?

8. കൃഷ്ണഗാഥയിലെ വൃത്തം ഏത് ?

P.T.O.

9. 'വാരിധി തന്നിൽ തിരമാലകളെന്നപോലെ
ഭാരതീ പദാവലി തോന്നേണം കാലേ കാലേ'
- ആരുടെ വരികൾ ?

10. വഞ്ചിപ്പാട്ടുവൃത്തത്തിൽ കുമാരനാശാൻ എഴുതിയ കൃതിയേത് ?

**(10 × 1 = 10 Marks)**

II. **50** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ആ മഹാസത്വൻ നോഹ
തന്റെ ഗോത്രത്തിൽപ്പെട്ടോ-
രാണെന്നോ, പരിഭ്രമി
ച്ചോടുമീയല്പ പ്രാണർ
- സന്ദർഭവും സ്വാരസ്യവും വിശദമാക്കുക.

12. 'കരിയും ചാമ്പലും പോലെ കറുത്തൊരപ്പക്ഷികൾ
തൻ ചരിഞ്ഞ നോട്ടങ്ങൾക്കേകശരവ്യമായി'
കാണുന്നതെന്താണ്? വിശദീകരിക്കുക.

13. എന്താണ് കൃഷിപ്പാട്ടുകൾ?

14. 'എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും
മണ്ടിമണ്ടിക്കരേറുന്നു മോഹവും'
- വിശദീകരിക്കുക.

15. 'കനംകൂടി തലയിലെ ഞരമ്പുകൾ പിടച്ചപ്പോൾ
എവിടെയാണത്താണിയെന്ന് തിരഞ്ഞുമില്ല'
- കവി എന്താണ് ഉദ്ദേശിക്കുന്നത്?

16. വിലാപകാവ്യങ്ങളെപ്പറ്റി ഒരു കുറിപ്പെഴുതുക.

17. ഉണ്ണിയാർച്ചയുടെ ഒരുക്കം വർണ്ണിക്കുക.

18. ഭക്തിപ്രസ്ഥാനത്തെപ്പറ്റി ഒരു കുറിപ്പെഴുതുക.

19. മാറ്റുക മാറ്റുക ചട്ടങ്ങളെയവ
മാറ്റും നിങ്ങളെയല്ലെങ്കിൽ
- സന്ദർഭമെന്ത്?

20. 'ആയിരം മണിയുടെ നാക്കടക്കീടാ,മൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ'
- എന്തുകൊണ്ടാണ് കവി ഇങ്ങനെ ചിന്തിക്കുന്നത്?

21. നാടൻപാട്ടുകളുടെ സവിശേഷതകളെന്തെല്ലാമാണ്?

22. മഴമംഗലത്തിന്റെ 'വനത്തിലെ രാത്രി' വർണ്ണിക്കുക.

23. ആധുനികകവിതയുടെ സവിശേഷതകൾ വിവരിക്കുക.

24. 'രണ്ടു വറ്റിന്നായി ദുർലഭമാം കലാ-
സ്വർണനിക്ഷേപങ്ങൾ തൂക്കി വിറ്റു'
- സന്ദർഭമെന്ത്?

25. വർഷകാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

26. രാമപുരത്ത് വാര്യർക്ക് മലയാള സാഹിത്യത്തിലുള്ള സ്ഥാനമെന്ത്?

**(8 × 2 = 16 Marks)**

III. **100** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. അനിതാതമ്പിയുടെ കവിതയുടെ പ്രത്യേകതകൾ വിശദമാക്കുക.

28. കുളക്കടവിൽ വെച്ച് അരനൂറ്റാണ്ടിനുശേഷം കവയിത്രി പഴയ കാര്യം ഓർക്കുന്ന സാഹചര്യം വിശദീകരിക്കുക.

29. പാട്ട്, മണിപ്രവാളം എന്നിവയെ സാമാന്യമായി പരിചയപ്പെടുത്തുക.

30. കീഴാളരാഷ്ട്രീയം മലയാളകവിതയിൽ ആവിഷ്കരിക്കപ്പെടുന്നതെങ്ങനെയെന്ന് കണ്ടെത്തുക.

31. കുഞ്ചൻ നമ്പ്യാരും അദ്ദേഹത്തിന്റെ തുള്ളലും ജനകീയമായി നിലനിൽക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

32. തന്റെ മകൾക്ക് സംഭവിക്കാൻ സാധ്യതയുള്ള കാര്യങ്ങളെപ്പറ്റി അമ്മയുടെ ഉത്കണ്ഠകളും സ്വപ്നങ്ങളും എന്തെല്ലാമാണ്?

33. ചങ്ങമ്പുഴ സൗന്ദര്യത്തെ വർണ്ണിച്ചിരിക്കുന്നതെങ്ങനെയാണ്?

34. വിനോദഗാനങ്ങളുടെ പ്രത്യേകതകൾ 'ഒരു സ്വപ്നം' എന്ന പാട്ടിനെ അടിസ്ഥാനമാക്കി വിവരിക്കുക.

35. മഹാകാവ്യങ്ങൾ പുതിയ കാലഘട്ടത്തിനു ചേർന്ന കാവ്യരൂപമല്ലെന്നു പറയുന്നതെന്തുകൊണ്ടാണ്?

36. 'നിന്നെയുപേക്ഷിച്ചു പോകുന്നതെങ്ങനെ' എന്ന് കവിക്ക് തോന്നാനുള്ള കാരണങ്ങളെന്തെല്ലാമാണ്?

37. എഴുത്തച്ഛൻ കലികാലത്തെ വർണ്ണിച്ചിരിക്കുന്നതെങ്ങനെയാണ്?

38. വിഷുക്കണിയെക്കുറിച്ചുള്ള വൈലോപ്പിള്ളിയുടെ ഓർമ്മകൾ എന്തെല്ലാമാണ്?

**(6 × 4 = 24 Marks)**

IV. **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (**രണ്ടെണ്ണം**)

39. വടക്കൻപാട്ടുകളുടെ ഭാഷാപരവും പ്രമേയപരവുമായ സവിശേഷതകൾ വിശദമായി പ്രതിപാദിക്കുക.

40. കാല്പനികകവിതയുടെ സ്വഭാവസവിശേഷതകൾ പരിശോധിക്കുക.

41. നാടൻപാട്ടുകൾ, അവയുടെ വർഗ്ഗീകരണം, സവിശേഷതകൾ തുടങ്ങിയവയെപ്പറ്റി ഉപന്യസിക്കുക.

42. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുക.

43. ഉത്തരാധുനിക കവിതകൾ മുന്നോട്ടുവെക്കുന്ന സൂക്ഷ്മരാഷ്ട്രീയം എങ്ങനെയുള്ളതാണെന്ന് വ്യക്തമാക്കുക.

44. ഭക്തിപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിൽ പൂന്താനം വഹിച്ച പങ്ക് നിസ്തുലമാണ്. സ്വമതം സ്ഥാപിക്കുക.

**(2 × 15 = 30 Marks)**

---